# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 974** **10.06.2019 ലെ മറുപടി**

## ചെല്ലാനം ഗ്രാമപഞ്ചായത്തിലെ ജിയോട്യൂബ് നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ് :** | | **കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** | |
| (എ) | ചെല്ലാനം ഗ്രാമപഞ്ചായത്തിലെ തീരദേശങ്ങളിലെ കടലാക്രമണം തടയുന്നതിനായി 16.01.2018-ന് ഭരണാനുമതി നല്കിയ എട്ട് കോടി രൂപയുടെ ജിയോട്യൂബിന്റെ നിർമ്മാണപ്രവൃത്തികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ; | (എ) | ചെല്ലാനം ഗ്രാമപഞ്ചായത്തിലെ 5 സ്ഥലങ്ങളിലായി ജിയോട്യൂബു പയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണ ത്തിന് 8 കോടി രൂപ അടങ്കൽ വരുന്ന 5 പ്രവൃത്തികൾ കരാറുകാരനുമായി ഉടമ്പടി ഒപ്പിടുകയും സൈറ്റ് 24.07.2018, 10.09.2018 എന്നീ തീയതികളിലായി കൈമാറുകയും ചെയ്തു. എന്നാൽ കരാറുകാരന്റെ ഭാഗത്ത് നിന്നുണ്ടായ അലംഭാവം കാരണം 2 പ്രവൃത്തികൾ റദ്ദ് ചെയ്തു. ബാക്കിയുള്ളവയുടെ പുരോഗതിയും മന്ദഗതിയിലാണ്. |
| (ബി) | ഈ പ്രവൃത്തിയുടെ കരാർ റദ്ദാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റദ്ദാക്കാനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) | വേളാങ്കണ്ണി പള്ളിക്ക് വടക്ക്, ബസാർ ഭാഗം എന്നിവിടങ്ങളിലുള്ള പ്രവൃത്തികൾ റദ്ദാക്കിയിട്ടുണ്ട്. കരാറുകാരൻ പ്രവൃത്തി സമയ പരിധിക്കുള്ളിൽ പൂർത്തീകരി ക്കാതിരുന്നതിനാലാണ് റദ്ദാക്കിയത്. കാലവർഷാരാംഭത്തോടെ കടൽ ക്ഷോഭം രൂക്ഷമാകാനിടയുള്ളതിനാൽ ബദൽ സംവിധാനം ഏർപ്പെടുത്തേ ണ്ടതും ആവശ്യമായിരുന്നു. |

| | | | |
|---|---|---|---|
| (സി) | ഇത്തരം നിർമ്മാണപ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ കരാറുകാരന് ഉണ്ടായിരിക്കേണ്ട നിലവിലുള്ള യോഗ്യതകൾ എന്തെല്ലാമാണ്;പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് നിലവിലുള്ള മാനദണ്ഡപ്രകാരമുള്ള യോഗ്യതകൾ ഉണ്ടായിരുന്നോ;വെളിപ്പെടുത്തുമോ; | (സി) | എല്ലാ പ്രവൃത്തികളുടേയും അടങ്കൽ തുക അനുസരിച്ച് ബി ക്ലാസ് ലൈസൻസോ അതിലുപരിയോ ഉള്ളവർക്ക് ദർഘാസിൽ പങ്കെടുക്കാവുന്നതാണ്. കുറഞ്ഞ തുക ക്വാട്ടു ചെയ്ത കരാറുകാരന് പ്രവൃത്തി നൽകുകയും ചെയ്തു. ടി കരാറുകാരന് ബി ക്ലാസ് യോഗ്യത ഉണ്ട്. |
| (ഡി) | കരാറുകാരൻ പണി ആരംഭിക്കുന്നതിൽ കാലതാമസം വരുത്താനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ഡി) | കരാറുകാരന് മേൽ പ്രവൃത്തി ചെയ്തുള്ള പരിചയക്കുറവും അവശ്യം വേണ്ട യന്ത്രസാമഗ്രികളുടെ അഭാവവും പണി ആരംഭിക്കുന്നതിന് കാലതാമസം വരാനിടയാക്കി. |
| (ഇ) | കാലവർഷവും കടലാക്രമണ സാധ്യതയും കണക്കിലെടുത്ത് തുക അനുവദിച്ചിട്ടുള്ള പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തിയാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നറിയിക്കാമോ? | (ഇ) | ജിയോട്യൂബ് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ സ്ഥിതി വിലയിരുത്തുന്നതിനായി 29/05/2019ന് ബഹു.ജലവിഭവ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു.മത്സ്യബന്ധന വകുപ്പ് മന്ത്രിയുടെയും ബന്ധപ്പെട്ട എം.എൽ.എ മാരുടെയും സാന്നിദ്ധ്യത്തിൽ സ്ഥലവാസികളും ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും സത്വര നടപടികൾക്ക് നിർദ്ദേശം നൽകുകയുമുണ്ടായി. കൂടാതെ താഴെ പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. തീരുമാനങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. ജിയോ ബാഗ് ഉപയോഗിച്ചുള്ള 2 അടിയന്തിര പ്രവൃത്തികൾ നടന്നുവരുന്നു. 2 പ്രവൃത്തികളുടെ ദർഘാസ് നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1) കരാറുകാരൻ രണ്ടാഴ്ചയ്ക്കുള്ളിൽ പ്രവൃത്തി നടത്തി തുടങ്ങുന്നില്ലായെങ്കിൽ പ്രവൃത്തി റദ്ദാക്കുമെന്നും, ഇത് സംബന്ധിച്ച് മറുപടി 10 ദിവസത്തിനകം നൽകുന്നതിനും ഉടനടി നോട്ടീസ് നൽകുക

2) 10 ദിവസത്തിനുള്ളിൽ മറുപടി ലഭ്യമായില്ലയെങ്കിൽ പ്രവൃത്തി ന്യൂനതകൾ പരിഹരിച്ച് നടപ്പിലാക്കുന്നതിന് സത്വരനടപടി കൈക്കൊള്ളുക. ഇതു സംബന്ധിച്ച പുരോഗതി റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കുക.

3) ഫിഷറീസ് വകുപ്പിന്റെ ഡ്രഡ്ജർ ഉപയോഗിച്ച് മണ്ണെടുത്തു പ്രവൃത്തി ആരംഭിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർ മുൻകൈയെടുക്കുകയും ഇറിഗേഷൻ വകുപ്പും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും സഹകരിക്കുകയും ചെയ്യേണ്ടതാണ്. ഇതു സംബന്ധിച്ച നടപടി റിപ്പോർട്ട് ജില്ലാ കളക്ടർ ലഭ്യമാക്കുക

4) അടുത്തുവരുന്ന മൺസൂൺ കാലത്ത് അടിയന്തിര പ്രതിരോധ പ്രവൃത്തിയെന്ന രീതിയിൽ ജിയോ ബാഗ് ഉപയോഗിച്ചുള്ള തീരദേശ സംരക്ഷണത്തിന് എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്ത പ്രകാരം താഴെപറയുന്ന സ്ഥലങ്ങളിൽ അടിയന്തരമായി പ്രവൃത്തി നടപ്പിലാക്കുകയും ഇത് സംബന്ധിച്ച റിപ്പോർട്ടും അപ്പപ്പോൾ ബന്ധപ്പെട്ടവർ സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

| | | | |
|---|---|---|---|
| 1. | ബസാർ ഏരിയ | - | 200 മീറ്റർ |
| 2. | വേളാങ്കണ്ണി ചർച്ച് ഏരിയ | - | 70+80 (അഡീഷണൽ) മീറ്റർ |
| 3. | കമ്പനിപ്പടി ഏരിയ | - | 200 മീറ്റർ (അഡീഷണൽ) |

**സെക്ഷൻ ഓഫീസർ**